PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955

Second Meeting

Saturday, the 26th November 1955

Vol. XIV] OFFICIAL REPORT [No. 19

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 26th November 1955, with Mr. Speaker in the Chair.

Calling attention to matters of urgent public importance

Closing down of cashewnut factories in Central Travancore.

MR. SPEAKER : Shri B. B. Pandarathil will now make a short statement regarding the matter to which he sought to call the attention of Government.

ശ്രീ. ബി. ബി. പണ്ടാരത്തിൽ : സർ, മദ്ധ്യതിരുവിതാംകൂറിൽ കൊല്ലം, ഓട്ടാഫക്കര എന്നീ ഡാലുക്കുകളിലായി അൻപതിൽപ്പരം കശുവണ്ടി ഫാക്ടറികളുണ്ട്. ആ ഫാക്ടറികളിലെല്ലാംകൂടി അൻപതിനായിരം തൊഴിലാളികൾ പണിയെടുത്തുവരുന്നുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ ആ ഫാക്ടറികളിൽ ചിലതു അടച്ചുപൂട്ടിയിരിക്കുകയാണ്. ബാക്കിയുള്ളവയും അടുത്തുതന്നെ അടയ്ക്കുന്നതായ നോട്ടീസ് ഇട്ടിരിക്കുകയാണ്. ഈ ഫാക്ടറികൾ അടച്ചിടുന്നതിന്റെ ഫലമായിട്ട് അൻപതിനായിരം തൊഴിലാളികൾക്ക് തൊഴിലില്ലായ്മയും, അതുനിമിത്തം പട്ടിണിയും നേരിടുവാൻ പോകുകയാണ്. ആ താലൂക്കുകളിലുള്ള സാധുക്കളിൽ മിക്കവാറുംപേരും ഈ ഫാക്ടറികളിൽ പണിയെടുത്തു അവിടെനിന്നും കിട്ടുന്ന കൂലികൊണ്ട് ജീവിതം കഴിച്ചുവരുന്നവരാണ്. അതിനാൽ ഈ തൊഴിലാളികൾക്കു തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടാകാതെയിരിക്കത്തക്കവണ്ണം അവർക്കു വേണ്ട സംരക്ഷണം ലഭിക്കുന്നതിനു് ആവശ്യമായ നടപടികളും സത്വരമായി എടുക്കുമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെംബർ പറഞ്ഞ മാതിരിയുള്ള ഒരു വിഷമം അവിടെയുണ്ടായിട്ടുണ്ടെന്നറിയാം. വേണ്ടത്രയും റാ മെറ്റീരിയൽസ്, അതായത് തോട്ടണ്ടി കിട്ടുന്നില്ല എന്നുള്ള കാരണംകൊണ്ട്, മെംബർ പ്രസ്താവിച്ച അത്രതന്നെ ഉണ്ടോ എന്നറിഞ്ഞുകൂടാ, പല ഫാക്ടറികളും പൂട്ടിവരുന്നു എന്നു ഗവണ്മെൻറിനറിയാം. ഈ പ്രശ്നത്തിന്റെ ഗൗരവം ഗവണ്മെൻറ് മനസ്സിലാക്കുന്നുണ്ട്. ഇക്കാര്യം ഇവിടെ ബഹുമാനപ്പെട്ട മെംബർ ഉന്നയിക്കുന്നതിനു മുൻപുതന്നെ ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു എന്തു പരിഹാരം ഉണ്ടാക്കണമെന്നുള്ള കാര്യത്തെപ്പറ്റി ഗാഢമായി ആലോചന നടത്തി വേണ്ട നടപടി എടുക്കാമെന്നുള്ളതാണ്.

LEGISLATIVE BUSINESS.

The Edavagai Rights Acquisition Bill, 1955.

Home Minister (SHRI A. J. JOHN): Sir, I beg to introduce the Edavagai Rights Acquisition Bill, 1955.

Chief Minister (SHRI PANAMPILLI GOVINDA MENON): I second it.

MR. SPEAKER: The Bill stands introduced.

ശ്രീ. എ. ജെ. ജാൺ: സർ, ഇടവക എന്നു പറയുന്നതു് പരിപൂർണ്ണമായോ, ഭാഗികമായോ ഭൂനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള പ്രദേശങ്ങളാണ്. ഇടവകകളുടെ ഉത്ഭവത്തെപ്പറ്റി വളരെ കൃത്യമായി നിശ്ചിക്കാൻ സാദ്ധ്യമല്ലെങ്കിലും, ലാൻഡ്റവന്യൂ മാനുവലിൽ അതിനെപ്പറ്റി പറയുന്നുണ്ട്. വാല്യം മൂന്നു, പേജു ഒന്നിൽ ഇടവകകളെപ്പറ്റി പറയുന്നതു ഇപ്രകാരമാണ്:

"Definition of Edavagais" — The term Edavagai as defined in the Edavagai Regulation, III of 1109, means "any tract or area recognised as such in Our Government accounts, the whole or any portion of which is exempt from the payment of land revenue to Our Government." The tracts recognised as Edavagais in Government accounts are four in number. They are (1) Kilimanoor, (2) Edapally, (3) Poonjar and (4) Vanjipuzha. Of these, the first two are known as the estates of Kilimanoor and Edapally also.

General characteristics of the Edavagais—all the Edavagais except Kilimanoor are supposed to be the lands comprised in the petty kingdoms and principalities which remained independent or quasi-independent until the conquest and the consolidation of the State in the 18th century. They are all tax free as far as the State revenue is concerned. Though they are in this respect analogous to jenmom lands they are different from the latter in origin and incidence.

LIBRARY ARCHIVES Kerala Legislative Assembly